## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ :*788

09.11.2016 ൽ മറുപടിയ്ക്ക്

### വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, റ്റി.വി.രാജേഷ്<br>,, ബി.ഡി. ദേവസ്സി : | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| [എ] | സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | [എ] | സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദ സഞ്ചാര സാദ്ധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ടൂറിസ്റ്റ് ഡസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനത്തിനു വേണ്ടിയുള്ള ആദ്യപടിയെന്ന നിലയിൽ മാസ്റ്റർ പ്ലാനിനെ കണക്കാക്കാം. |
| (ബി) | ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നത്; | (ബി) | കോവളം, പൂവാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി, നിലമ്പൂർ, കക്കയം - പെരുവണ്ണാമൂഴി, ഗോൾഡൻവാലി (പൊന്മുടി), അഷ്ടമുടി, ആതിരപ്പള്ളി (കാലടി - മലയാറ്റൂർ - അതിരപ്പള്ളി ടൂറിസം സർക്യൂട്ട്) സസ്റ്റൈയിനബിൾ ടൂറിസം ഡവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള എന്നിവയാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇപ്രകാരം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (സി) | മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് തെരെഞ്ഞെടുത്ത ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു. |

| ഏജൻസി | ടൂറിസ്റ്റ് കേന്ദ്രങ്ങൾ |
|---|---|
| ഫോർട്രസ്റ്റ് | 1. കോവളം-പൂവ്വാർ ടൂറിസം കോറിഡോർ<br>2. കുമരകം |

| | |
|---|---|
| GITPAC | 1. കാലടി - മലയാറ്റൂർ - ആതിരപ്പള്ളി<br>2.സസ്റ്റൈയിനബിൾ ടൂറിസം ഡവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള |
| ടാറ്റാ കൺസൾട്ടൻസി | 1.ഗോൾഡൻവാലി (പൊന്മുടി)<br>2. നിലമ്പൂർ |
| IL & FS | 1. തേക്കടി<br>2. കക്കയം - പെരുവണ്ണാമൂഴി<br>3. അഷ്ടമുടി |
| സാൻടെക് കൺസൾട്ടിംഗ് പ്രൈ .ലിമിറ്റഡ് | ഫോർട്ട് കൊച്ചി |

(ഡി) വിനോദസഞ്ചാര മേഖലയുടെ സമഗ്രമായ വികസനത്തിന് ഇത് എങ്ങനെയെല്ലാം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) നിയന്ത്രിതവും ആസൂത്രിതവുമായ ടൂറിസം വികസനത്തിന് ഈ മാസ്റ്റർ പ്ലാനുകളുടെ രൂപരേഖ പ്രയോജനപ്പെടുത്താനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിൽ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിയ്ക്ക് അനുയോജ്യമാകുംവിധം ടൂറിസവുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെ അഭിവൃദ്ധിയാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ